

# വികാരിയിൽ നിന്ന് ...

01-02-2019

## ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ വാത്സല്യം ഉള്ളവരെ,

2019– ലെ രണ്ടാം മാസത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ തിരിഞ്ഞു നോക്കി ദൈവത്തിനു നന്ദി കരേറ്റുകയും എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുകയും, പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യേണ്ട സമയം സമാഗതമായി. ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവം നമ്മുടെ ജീവിതവഴികളിൽ ക്ഷേമത്തോടെ നമ്മെ കാത്തുസൂക്ഷിക്കുന്ന കരുണയെ ഓർത്ത് ഒരിക്കൽ കൂടി ദൈവത്തിനു സ്തുതി–സ്തോത്രങ്ങൾ അർപ്പിക്കാം. സങ്കീർത്തനക്കാരനോടു ചേർന്ന് നമുക്കും പറയാം "യഹോവയെ സ്തുതിപ്പീൻ അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കും ഉള്ളത്" (സങ്കീ.106:1) "ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവം ആകുന്നു, അവൻ നമ്മെ ജീവപര്യന്തം വഴി നടത്തും" (സങ്കീ.48:14) ദൈവത്തെ രുചിച്ചറിഞ്ഞ് അവനിൽ വസിച്ച്, അവന്റെ സ്നേഹത്തിൽ നിലനിന്ന് ദൈവവചനത്തിൽ വേരൂന്നി അനുദിനജീവിതം കെട്ടുപണി ചെയ്താൽ നല്ല ഫലം കായ്ക്കും എന്ന കാര്യത്തിൽ തർക്കമില്ല.

ഈമാസം ഫെബ്രുവരി 6.8,9 (ബുധൻ, വെള്ളി, ശനി) തീയതികളിൽ ഇടവകമിഷന്റെ ആഭിമുഖ്യത്തിലുള്ള കൺവൻഷൻ നമ്മുടെ പള്ളിയിൽ വച്ച് നടക്കുകയാണല്ലോ. കെ.സി.ഇ.സി യുടെ കൺവൻഷനു മുഖ്യ പ്രസംഗകനായി എത്തിച്ചേരുന്ന റവ. ഫാ. ഡോ. റെജി എബ്രഹാം (പ്രൊഫസർ ഓർത്തോഡോക്സ് വൈദികസെമിനാരി, കോട്ടയം) നമ്മുടെ ഈ വർഷത്തെ കൺവൻഷനു മുഖ്യ സന്ദേശം നൽകും. എല്ലാവരുടെയും പ്രാർത്ഥനയും സാന്നിദ്ധ്യവും ക്ഷണിച്ചു കൊള്ളുന്നു. വചനം പഠിക്കുവാനും ധ്യാനിക്കുവാനും ലഭിക്കുന്ന ഈ അപൂർവ്വ അവസരം ഒരിയ്ക്കലും നാം നഷ്ടമാക്കി കളയരുത്. പ്രാർത്ഥനയോടെ നമുക്ക് ഒരുങ്ങാം, പങ്കെടുക്കാം.

നമ്മുടെ ഇടവകയുടെ Harvest Festival കഴിഞ്ഞ മാസം നടത്തുവാൻ ദൈവം കൃപ ചെയ്തു. ദൈവം നമ്മെ ഈ സമൃദ്ധിയുള്ള ദേശത്ത് കൊണ്ടുവന്നു. ദൈവനാമ മഹത്ത്വത്തിനായി നൽകുവാൻ നാം കടപ്പെട്ടിരുക്കുന്നു. ദൈവനാമത്തിൽ നൽകിയാൽ ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കും. നൽകുന്നതിലൂടെയാണ് ദൈവത്തിൽ നിന്ന് നാം ധാരാളമായി അനുഗ്രഹങ്ങൾ പ്രാപിക്കുന്നത്. അമർത്തി കുലുക്കി കവിഞ്ഞ് വലിയൊരളവിൽ മടക്കിത്തരുവാൻ മതിയായ ദൈവം ആണ് നമുക്കുള്ളത്. ദൈവം ആർക്കും കടക്കാരനല്ല. അവൻ നമുക്ക് എല്ലാക്കാലത്തും മതിയായ ദൈവമാണ്. നമ്മുടെ പ്രാപ്തിക്ക് അനുസരിച്ച് നാം നൽകിയിട്ടുണ്ടോ എന്ന ഒരു ആത്മപരിശോധന നടത്തുന്നത് ഈ അവസരത്തിൽ ഉചിതമാണ്.


ഒരു മാസം കൂടി കഴിയുമ്പോൾ 2018/2019 സാമ്പത്തികവർഷം അവസാനിക്കും. ഇടവകയ്ക്ക് നൽകാനുള്ള വിഹിതങ്ങൾ ഒന്നും മുടക്കം കൂടാതെ എത്രയും വേഗത്തിൽ നൽകണം. വരുമാനമുള്ള എല്ലാവരും ഒരുമാസം 5 ദിനാർ എങ്കിലും Subsciption ആയി നൽകാം എന്നാണ് നാം എല്ലാവരും ഇടവകസംഘത്തിൽ തീരുമാനം എടുത്തത്. ഇപ്രകാരം നൽകിയാൽ മാത്രമെ ഇടവകയുടെ കാര്യങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയുള്ളു. ആയതിനാൽ ഉപേക്ഷ വിചാരിക്കാതെ ഇടവകയുടെ ആവശ്യങ്ങളിൽ സാമ്പത്തികമായി എല്ലാവരുടെയും സഹകരണം ഉണ്ടാകണം. ഫെബ്രു. മൂന്നാം തീയതി സഭയായി മെഡിക്കൽമിഷൻ ദിനമായി ആചരിക്കുന്നു. ക്രിസ്തു നൽകുന്നത് സമ്പൂർണ്ണ സൗഖ്യമാണ്. നമുക്ക് ആശുപത്രിയിൽ പോയി ചികിൽസ തേടാം. എന്നാൽ സൗഖ്യം തരുവാൻ ദൈവത്തിനു മാത്രമേ കഴിയു. വൈദ്യശാസ്ത്രം വളരെയേറെ പുരോഗമിച്ചു എങ്കിലും മനുഷ്യൻ കൂടുതൽ കൂടുതൽ രോഗങ്ങൾക്ക് അടിമകളായികൊണ്ടിരിക്കുന്നു.

മനുഷ്യൻെറ ജീവിതശൈലിയിലും, മനോഭാവത്തിലും, ചിന്തയിലും, മാറ്റം വന്നാലെ പൂർണ്ണ ആരോഗ്യമുള്ള സമൂഹം സാധ്യമാകൂ. രോഗം വരാതെ സൂക്ഷിക്കുന്നതാണ് അത്യുത്തമം. വൈദ്യശാസ്ത്ര രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫുമാർ, ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. ദൈവനാമത്തിൽ അവരെ അഭിവാദ്യം ചെയ്യുന്നു, അഭിനന്ദിക്കുന്നു. ദൈവരാജ്യശുശ്രൂഷയിൽ, സൗഖ്യദായകശുശ്രൂഷയിൽ പങ്കു ചേർന്ന് പ്രവർത്തിക്കുന്ന എല്ലാവർക്കായും ദൈവത്തെ സ്തുതിക്കുന്നു. അനേകരെ സൗഖ്യമാക്കുവാൻ ദൈവം അവരുടെ കരങ്ങൾക്ക് ശക്തി നലകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ഫെബ്രു. രണ്ടാം ആഴ്ച ' വചനത്തിനായി ഒരുക്കപ്പെടുന്ന സമൂഹം' എന്നതാണ് ചിന്താവിഷയം. ജീവൻ നൽകുന്ന, ജീവിപ്പിക്കുന്ന, പുതുക്കുന്ന, രൂപാന്തരത്തിലേക്ക് നയിക്കുന്ന, വഴികാട്ടുന്ന, ശുദ്ധീകരിക്കുന്ന, ശക്തീകരിക്കുന്ന ജീവാമൃതം ആണ് ദൈവവചനം. എല്ലാ കാലത്തും അക്ഷയമായിരിക്കുന്ന ജീവൻെറ സ്രോതസ്സാണു ദൈവത്തിൻെറ വചനം. നമുക്ക് ആശ്രയമായിരിക്കുന്ന ദൈവവചനത്തിൻെറ പ്രാധാന്യവും, പ്രസക്തിയും സഭ എല്ലാക്കാലത്തും ഊന്നിപ്പറഞ്ഞിട്ടുള്ള കാര്യമാണ്. ദൈവവചനം വായിക്കാനും, പഠിക്കാനും നാം സമയം കണ്ടെത്തുകയും വചനം അനുസരിച്ച് ജീവിക്കുകയും ചെയ്താൽ നാം അനുഗ്രഹിക്കപ്പെടും .ഈ വർഷത്തെ 124-മത് മാരാമൺ കൺവൻഷൻ ഫെബ്രു.10 മുതൽ 17 വരെ നടക്കുകയാണല്ലോ. വചനപ്രഘോഷണങ്ങൾ എല്ലാം അനുഗ്രഹം ആയിത്തീരുവാൻ നമുക്കും പ്രാർത്ഥിക്കാം. അതു കൂടാതെ സുവിശേഷ സേവികാസംഘത്തിൻെറ ശതാബ്ദിവർഷം ആണല്ലോ. 2019 ഫെബ്രു. 9-നു മാരാമണ്ണിൽ വച്ച് നടക്കുന്ന "ആഗോള മാർത്തോമ്മാ വനിതാസംഗമത്തിനു" നമ്മുടെ ഇടവകയുടെയും സേവികാ സംഘത്തിൻെറയും ആശംസയും പ്രാർത്ഥനയും നേരുന്നു. മൂന്നാമത്തെ ആഴ്ച സഭയായി 'സ്രുഷ്ടി വെളിപ്പെടുത്തുന്ന ദൈവ മഹത്വം' എന്ന വിഷയമാണ് ധ്യാനിക്കുന്നത്. ഈ പ്രപഞ്ചത്തിലുള്ള എല്ലാം സൃഷ്ടിച്ചത് ദൈവമാണ്. ദൈവത്തിൻെറ മഹത്വം, സൃഷ്ടി മുഴുവൻ നിറഞ്ഞ് കിടക്കുന്നത് നമുക്ക് കാണുവാൻ കഴിയും. ദൈവം സൃഷ്ടിച്ചത് എല്ലാം നല്ലത് ആയിരുന്നു എന്നാൽ മനുഷ്യൻെറ തെറ്റായ പ്രവൃത്തി മൂലം സൃഷ്ടിയുടെ നന്മയും, ഉണ്മയും, സ്വാഭാവികതയും, മഹത്വവുമൊക്കെ കുറഞ്ഞുപോയിട്ടില്ലേ എന്ന് സന്ദേഹിക്കേണ്ടിയിരിക്കുന്നു.

നാലാം ആഴ്ച 'സൃഷ്ടിയിലെ വീഴ്ച' എന്ന വിഷയമാണ് നമ്മൾ ചിന്തിക്കുന്നത്. വീഴ്ച പറ്റി എന്ന സത്യം തിരിച്ചറിയുകയും, അംഗീകരിക്കുകയും ചെയ്യുന്നതാണു ആദ്യത്തെ പടി. പിന്നീട് ഈ വീഴ്ച എങ്ങനെ പരിഹരിക്കാം എന്ന് ചിന്തിക്കുകയും തുടർന്ന് സൃഷ്ടിയുടെ വീണ്ടടുപ്പിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. സൃഷ്ടിയും, പ്രകൃതിയും, ഭൂമിയും എല്ലാ ജീവജാലങ്ങൾക്കും തലമുറകൾക്കും കൂടി അവകാശപ്പെട്ടതാണെന്ന സത്യം നാം ഒരിക്കലും വിസ്മരിക്കരുത്. ആയതിനാൽ ജാഗ്രതയോടെ ദൈവസൃഷ്ടിയെ പരിപാലിച്ച് വീണ്ടെടുക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. സകല സൃഷ്ടിയേയും വീണ്ടെടുക്കുന്ന ദൈവരാജ്യശുശ്രൂഷയിൽ നമുക്കും പങ്കുകാർ ആകാം. ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഈ കടമയും, ഉത്തരവാദിത്വവും വിശ്വസ്തതയോടെ നമുക്ക് നിർവഹിക്കാം. ദൈവം നമ്മെ ഏവരെയും അതിനു പ്രാപ്തരാക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

എന്ന്, നിങ്ങളുടെ ഇടവക വികാരി.




**റവ. ജോർജ് യോഹന്നാൻ**

ഫോൺ. 39732763,17250630

rev.georgeyohannan@gmail.com